LIBRARY ARCHIVES Kerala Legislative Assembly

കശുവണ്ടി തൊഴിലാളികൾക്ക് ലഭ്യമാക്കിയ തൊഴിൽ ദിനങ്ങൾ

14 [497] ശ്രീ. എ. എ. അസീസ് :

" കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികൾക്ക് 2001 മുതൽ 2004 വരെ ഓരോ വർഷവും നല്കിയ തൊഴിൽ ദിനങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) കാപക്സ് തൊഴിലാളികൾക്ക് ഈ കാലയളവിൽ ഒരോ വർഷവും നല്കിയ തൊഴിൽ ദിനങ്ങൾ എത്രയാണ്;

(സി) സ്വകാര്യ മുതലാളിമാരുടെ ഫാക്ടറിയിലെ തൊഴിലാളികൾക്ക് ഈ കാലയളവിൽ ഓരോ വർഷവും ലഭിച്ചിട്ടുള്ള തൊഴിൽ ദിനങ്ങൾ എത്രയാണ്;

(ഡി) ഇപ്പോൾ എത്ര കശുവണ്ടി ഫാക്ടറികൾ പൂട്ടികിടക്കുന്നു; ദീർഘനാളായി പൂട്ടികിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളിൽ 2001-ൽ 44-ഉം 2003-2004-ൽ 18 ദിവസം വീതവും തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്. (2002-ൽ ഇല്ല).

(ബി) കാപെക്സിൽ 2002-ൽ 29 ദിവസവും 2003-ൽ 51 ദിവസവും 2004-ൽ 136 ദിവസവും തൊഴിൽ നൽകിയിട്ടുണ്ട് (2001-ൽ ഇല്ല).

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളുടെ എണ്ണം ശേഖരിച്ചു നൽകുന്നതാണ്. ദീർഘനാളായി പൂട്ടിക്കിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചിരുന്നതും പിന്നീട് സ്വകാര്യ വ്യക്തികൾക്ക് കൈമാറിയിട്ടുള്ളതുമായ നാലു ഫാക്ടറികളിൽ കല്ലുമ്പലത്തെ സി. എച്ച്. ഡബ്ല്യു. ടി. വി. എം. 13/244/88-ാം നമ്പർ കാഷ്യൂ ഫാക്ടറി ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ സുദീർഘമായ അനുരഞ്ജന ചർച്ചകൾക്കു ശേഷം സഫയർ കാഷ്യൂ ഫാക്ടറി എന്ന പേരിൽ 18-11-2004 മുതൽ പ്രവർത്തിപ്പിക്കുന്നതിന് ഒത്തുതീർപ്പായി.

കൊല്ലം നിയോജകമണ്ഡലത്തിലുള്ള ഭരണിക്കാവ് പോലീസ് സ്റ്റേഷൻ പരിധിയിൽ 3-2-2005-ൽ ഉണ്ടായ കൊലപാതകത്തിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

സംഭവത്തിന്റെ കാരണം എന്ത്, ആരൊക്കെയാണ് കൊല്ലപ്പെട്ടവർ, പ്രതികൾ ആരൊക്കെയാണ് തുടങ്ങിയ കാര്യങ്ങൾ വിശദമാക്കുമോ?

ഈ സംഭവത്തിൽ പ്രതികൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നും വിശദമാക്കുമോ?

ഈ സംഭവത്തിൽ പ്രതികൾ ആരുടെയെങ്കിലും സംരക്ഷണയിലാണോ എന്നും വിശദമാക്കുമോ?

# ഒരാഴ്ചയിലധികം പഠനമില്ലാതിരുന്നതിന് നടപടി

15 [498] ശ്രീ. ടി. കെ. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഒരാഴ്ചയിലധികം പഠനമില്ലാതിരുന്നതിന് ഒരു തൊഴിൽ ഉടമയ്ക്ക് പിഴയോ നഷ്ടപരിഹാരമോ ചുമത്താൻ വ്യവസ്ഥയുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഒരാഴ്ചയിൽ കൂടുതൽ പഠനമില്ലാതിരുന്നതിന് 2004-2005-ൽ ബന്ധപ്പെട്ട പ്രദേശത്തുനിന്നും പിഴയോ നഷ്ടപരിഹാരമോ ഈടാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പഠനമില്ലായ്മ വഴി തൊഴിലാളികൾക്ക് നഷ്ടമായ കൂലി തൊഴിലുടമയിൽ നിന്നും ഈടാക്കി നൽകാൻ നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) തൊഴിൽ (സി) നഷ്ടപരിഹാരം വാങ്ങി കൊടുക്കുന്നതിന് ഫാക്ടറി നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ നിലവിലുണ്ട്.

(ബി) തൊഴിൽ (ഡി) കോടതിയുടെ ഒരു നിർദ്ദേശവും നിലവിലുള്ളതിനാൽ അതിന്റെ സംസ്ഥാന സർക്കാർ വേതന നിയമം ഉടനടി നടപ്പിലാക്കുന്നതിന് ഉത്തരവിട്ടിട്ടുണ്ട്.

# കുടിവെള്ളത്തിന് കുടിശ്ശിക വന്ന നടപടി

16 [499] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ജല അതോറിറ്റി സർക്കാർ സ്ഥാപനങ്ങളിൽ വരുത്തിയിട്ടുള്ള കുടിവെള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഏതെങ്കിലും പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly